**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1356** **19-06-2024 - ൽ മറുപടിയ്ക്ക്**

**ടൂറിസം മേഖലക്കായുള്ള ആംഫിബിയൻ വാഹനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. രമ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | ടൂറിസം മേഖലക്കായി 2021-22 സാമ്പത്തിക വർഷത്തേക്കുള്ള സംസ്ഥാന ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്ന ആംഫിബിയൻ വാഹനങ്ങൾ ലഭ്യമാക്കുന്ന പദ്ധതി ഇപ്പോൾ ഏതു ഘട്ടത്തിലാണ്; | (എ) | 2021-22 ലെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിൽ ജലാശയങ്ങളിലും കരയിലും സഞ്ചരിക്കുന്ന ആംഫിബിയൻ വാഹന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിന് ആദ്യ ഘട്ടമായി 5 കോടി രൂപ ഉൾപ്പെടുത്തിയിരുന്നു. |
| (ബി) | ആകെ എത്ര രൂപയാണ് ഈ പദ്ധതിക്കായി ബഡ്ജറ്റിൽ നീക്കി വെച്ചിരുന്നതെന്നും നാളിതുവരെ ആകെ എത്ര രൂപയാണ് ചെലവാക്കിയിട്ടുള്ളതെന്നും ഇനം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ; | (ബി) | (എ) പിരിവിലെ അതേ ഉത്തരം |
| (സി) | ബഡ്ജറ്റിൽ പ്രഖ്യാപിക്കുകയും പദ്ധതിക്കായി പണം നീക്കി വയ്ക്കുകയും ചെയ്തിട്ട് മൂന്നുവർഷങ്ങൾ പൂർത്തിയാകുമ്പോഴും പദ്ധതി യാഥാർത്ഥ്യമാക്കാൻ കഴിയാതിരുന്നതിനുള്ള കാരണങ്ങൾ വിശദമാക്കുമോ; | (സി) | ഫീസിബിലിറ്റി സംബന്ധിച്ച കാര്യങ്ങളിൽ സാങ്കേതിക തടസ്സങ്ങൾ ഉയർന്നതിനെ തുടർന്നാണ് പദ്ധതി ആരംഭിക്കുന്നതിന് കഴിയാതിരുന്നത്. തുടർ നടപടികൾ പരിശോധിച്ചു വരുന്നു. |
| (ഡി) | പ്രസ്തുത പദ്ധതി എപ്പോൾ പൂർത്തിയാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; വിശദാംശം ലഭ്യമാക്കുമോ? | (ഡി) | (സി) പിരിവിന്റെ അതേ ഉത്തരം |

സെക്ഷൻ ഓഫീസർ